"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) ശ്രീ. മൊഹമ്മദ് കാസിം മുതൽ പേർ ചേർന്ന് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 19188/2019 - ലെ 10/07/2025 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4608/2026/GEDN** തീയതി, തിരുവനന്തപുരം, 08-07-2026

പരാമർശം:-

1. റിട്ട് ഹർജി (സിവിൽ) നം. 20849/2013 - ലെ ബഹു. ഹൈക്കോടതിയുടെ 19/09/2024 തീയതി വിധിന്യായം.
2. റിട്ട് അപ്പീൽ ഹർജി നം. 724/2015-ലെയും അനുബന്ധ കേസുകളിലെയും ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 28/02/2019 തീയതിയിലെ വിധിന്യായം.
3. ശ്രീ. മൊഹമ്മദ് കാസിം മുതൽ പേർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 19188/2019-ൽ ബഹു. ഹൈക്കോടതിയുടെ 10/07/2025 തീയതി വിധിന്യായം.
4. ഹയർസെക്കണ്ടറി വിഭാഗം മലപ്പുറം മേഖലാ ഉപമേധാവിയുടെ 12/05/2026 തീയതിയിലെ RDDHSE/MLPM/6234/2025-H നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം)-ടെ 12/05/2026 തീയതിയിലെ AcdC3/9719/2026/DGE/HSE നമ്പർ കത്ത്.
6. കോടതിയലക്ഷ്യ ഹർജി നം. 659/2026.

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട് നെല്ലിപ്പുഴ ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇംഗ്ലീഷ്) ശ്രീ. മൊഹമ്മദ് കാസിം കെ. മുതൽ പേർ ചേർന്ന് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 19188/2019 തുടങ്ങിയ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 10/07/2025 തീയതിയിലെ പൊതു വിധിന്യായത്തിൽ, സമാന വിഷയം റിട്ട് അപ്പീൽ ഹർജി നം. 724/2015-ലെയും

അനുബന്ധ കേസുകളിലെയും പരാമർശം (2) വിധിന്യായം പ്രകാരം ഹർജിക്കാർക്ക് അനുകൂലമായി വിധിച്ചിട്ടുള്ളതിന്റെയും, SLP (C) No. 18120/2019 മുതലായ ഹർജികളിലെ 30/04/2024 തീയതിയിലെ വിധിന്യായം പ്രകാരം പ്രസ്തുത ഉത്തരവ് ബഹു. സുപ്രീംകോടതി ശരിവച്ചിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരുടെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ നിയമനം പുന:ക്രമീകരിച്ചു നൽകുന്നതിന് ബഹു. കോടതി നിർദ്ദേശിച്ചിരിക്കുന്നു.

സ.ഉ. (കൈ) നം. 128/2010/പൊവിവ, തീയതി 20/07/2010 ഉത്തരവ് മുഖേന മലബാർ മേഖലയിൽ അനുവദിച്ചിരുന്ന പുതിയ ഹയർ സെക്കണ്ടറി ബാച്ചുകളിൽ ഗസ്റ്റ് അധ്യാപകരായി ജോലിയിൽ പ്രവേശിച്ചവരാണ് ഹർജിക്കാർ. തുടർന്ന്, സ.ഉ. (കൈ) നം. 211/2011/പൊവിവ, തീയതി 24/10/2011 ഉത്തരവ് മുഖേന 06/08/2011 മുതൽ പ്രാബല്യത്തോടുകൂടി എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികകൾ അനുവദിക്കുകയും ചെയ്തു. 2010 ൽ ഹയർ സെക്കണ്ടറി ബാച്ച് അനുവദിച്ച സ്കൂളുകളിൽ 2011-12 അധ്യയനവർഷം രണ്ടാം വർഷ ക്ലാസുകൾ നടത്തുമ്പോൾ അധ്യയന സമയം കൂടുന്നതായും അതനുസരിച്ച് എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികകൾ എച്ച്.എസ്.എസ്.ടി. ആയി അപ്ഗ്രേഡ് ചെയ്യേണ്ടതാണെന്നും, ഹയർ സെക്കണ്ടറി ഡയറക്ടറുടെ ശിപാർശ പ്രകാരം സർക്കാർ ഉത്തരവ് (കൈ) നം. 76/2013/G.EDN, തീയതി 23/02/2013 മുതൽ തസ്തികകൾ അപ്ഗ്രേഡ് ചെയ്തത് പിൻകാല പ്രാബല്യത്തോടു കൂടി മാത്രമാണ് എന്നും, 23/02/2013 തീയതി പ്രാബല്യത്തിൽ ഇവരുടെ എച്ച്.എസ്.എസ്.ടി. തസ്തിക എച്ച്.എസ്.എസ്.ടി. (സീനിയർ) ആയി അപ്ഗ്രേഡ് ചെയ്തത് കെ.ഇ.ആർ ചട്ടങ്ങൾക്കു വിരുദ്ധമാണ് എന്നുമാണ് ഹർജിക്കാരുടെ വാദം.

2. WP(C) No. 19188/2019 തുടങ്ങിയ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (3) വിധിന്യായം, പ്രസ്തുത വിധിന്യായം നടപ്പാക്കാത്തതിനെതിരെ ഹർജിക്കാർ ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജി നം. 659/2026 എന്നിവയുടെ അടിസ്ഥാനത്തിൽ, ടി കേസിൽ കക്ഷി ചേർന്നിരിക്കുന്ന അധ്യാപകർക്ക് 2011 അക്കാദമിക് വർഷാരംഭത്തിൽ തന്നെ HSST (സീനിയർ) ആയി നിയമനാംഗീകാരം നൽകി അർഹതപ്പെട്ട ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുത്തുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

എയ്ഡഡ് സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ നേരിട്ടുള്ള നിയമനമാണെങ്കിൽ നിയമനത്തിനുള്ള ഇന്റർവ്യൂ നടത്തുന്നതിന് സർക്കാർ പ്രതിനിധിക്കായുള്ള അപേക്ഷ സമർപ്പിക്കുകയും സർക്കാർ പ്രതിനിധിയെ അനുവദിച്ച് സർക്കാർ ഉത്തരവാകുന്ന മുറക്ക് ഒഴിവുള്ള തസ്തിക അറിയിച്ചുകൊണ്ടും ഇന്റർവ്യൂ നടത്തുന്ന തീയതി അറിയിച്ചു കൊണ്ടും പത്ര മാധ്യമങ്ങളിൽ പരസ്യം നൽകി നിശ്ചയിച്ച ഇന്റർവ്യൂ തീയതിയിൽ സർക്കാർ പ്രതിനിധിയുടെ സാന്നിധ്യത്തിൽ ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് ഇന്റർവ്യൂ നടത്തിയ തീയതി മുതലോ അല്ലെങ്കിൽ മദ്ധ്യ വേനൽക്കാല അവധി കഴിഞ്ഞ് സ്കൂൾ ആരംഭിക്കുന്ന തീയതി മുതൽ നിയമാനുസൃതം നിയമനം അംഗീകരിക്കുകയാണ് ചെയ്യുന്നത്. സർക്കാർ തസ്തിക സൃഷ്ടിച്ച് ഉത്തരവായ തീയതിയ്ക്ക് ശേഷം മാനേജർ നിയമന നടപടികൾ പൂർത്തീകരിച്ച് സമർപ്പിച്ച അപേക്ഷകൾ പ്രകാരം ഹർജിക്കാരെ നിയമിച്ച് നിയമനാംഗീകാരത്തിനായി അപേക്ഷ

സമർപ്പിക്കുകയും ഹർജിക്കാർക്ക് പ്രസ്തുത തീയതി മുതൽ റഗുലർ നിയമനാംഗീകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതായി മേഖലാ ഉപമേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ തസ്തിക സൃഷ്ടിച്ചുത്തരവായ തീയ്യതി മുതൽ മാത്രമേ അധ്യാപക തസ്തികകളിൽ റഗുലർ നിയമനാംഗീകാരം നൽകുവാനാകൂ.

ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C)No.18120/2019, SLP(C)No.15232/2019 എന്നീ കേസുകളിലും അനുബന്ധ കേസുകളിലും ബഹു. സുപ്രിംകോടതി പുറപ്പെടുവിച്ച യഥാക്രമം 30/04/2024, 15/10/2025 തീയതികളിലെ വിധിന്യായങ്ങളിൽ ഹർജിക്കാർക്ക് അനുകൂലമായി കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. WP(C) No.19188/2019-ലെ ഹർജിക്കാർ ബഹു.സുപ്രീം കോടതിയുടെ 30/04/2024 തീയതിയിലെ 18120/2019 നമ്പർ ഹർജിയുടെയും അനുബന്ധ ഹർജികളുടെയും ഉത്തരവിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതാണ് ഉചിതമെന്നാണ് ഹയർ സെക്കണ്ടറി വിഭാഗം മലപ്പുറം മേഖലാ ഉപമേധാവി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും റിട്ട് അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാധ്യത ഇല്ലെന്നും കോടതിയലക്ഷ്യ ഹർജി നം. 659/2026 ഫയൽ ചെയ്തതിൽ കോടതിയലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി പരാമർശം (3) വിധിന്യായം നടപ്പിലാക്കേണ്ടതുണ്ടെന്നും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും നിയമോപദേശം ലഭിക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ, 20.07.2010 തീയതിയിലെ സ.ഉ.(കൈ)നം.128/2010/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2010-11 അക്കാദമിക് വർഷം മുതൽ പുതിയതായി ആരംഭിച്ച ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും പുതിയതായി കോഴ്സ് അനുവദിച്ച ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും 24/10/2011 തീയതിയിലെ സ.ഉ.(കൈ) നം. 211/2011/പൊ.വി.വ ഉത്തരവ് പ്രകാരം 06/08/2011 തീയതി പ്രാബല്യത്തിൽ അനുവദിച്ചിരിക്കുന്ന എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളിലെ റിട്ട് ഹർജി (സിവിൽ) നം. 19188/2019 -ലെ ഹർജിക്കാരുടെ നിയമനം, SLP No. 18120/2019 അനുബന്ധ ഹർജികളിലെ 30/04/2024 തീയതി വിധിന്യായം, SLP(C) No. 15232-15257/2019 അനുബന്ധ ഹർജികളിലെ 15/10/2025 തീയതി വിധിന്യായം എന്നിവയ്ക്കെതിരെ സർക്കാർ ഫയൽ ചെയ്യുന്ന റിവ്യൂ പെറ്റീഷനിലെ അന്തിമ വിധിക്കു വിധേയമായും, കെ.ഇ.ആർ. അധ്യായം XXXII, ചട്ടം 1 (d) പ്രകാരം ഹർജിക്കാർ നിയമിതരായിട്ടുള്ള തസ്തികകൾ എച്ച്.എസ്.എസ്.ടി. (സീനിയർ) ആയി അപ്ഗ്രേഡ് ചെയ്യുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഭൗതിക പരിശോധനയ്ക്ക് വിധേയമായും, ഹർജിക്കാരുടെ നിയമനം നിലവിൽ ഉണ്ടായിരുന്ന ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായാണോ മാനേജർ നടത്തിയതെന്ന് പ്രത്യേകം പരിശോധിച്ച് അപ്രകാരം കണ്ടെത്തുന്ന പക്ഷം 30/12/2023-ലെ സർക്കുലർ നം.106/2023/ധന പ്രകാരം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം മാനേജ്മെന്റിൽ നിന്നും ഈടാക്കുന്നതിനും, ഹർജിക്കാരെ നിയമിച്ചിട്ടുള്ള എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നത് സമാനമായ കേസുകൾക്ക് മേലിൽ ഒരു കീഴ്വഴക്കമായി കാണാൻ കഴിയില്ല എന്ന് വ്യക്തമാക്കിയും, 2011-12 അദ്ധ്യയന വർഷം തസ്തിക അനുവദിച്ചിരിക്കുന്ന 06/08/2011 തീയതി മുതൽ,

എച്ച്.എസ്.എസ്.ടി. സീനിയർ ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിക്ക് അനുമതി നൽകിക്കൊണ്ട്, അപ്രകാരം WP(C) No. 19188/2019 ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കണ്ടറി വിഭാഗം), തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കണ്ടറി വിഭാഗം, മലപ്പുറം.
മേഖലാ ഉപമേധാവി, ഹയർസെക്കണ്ടറി വിഭാഗം, എറണാകുളം.
ശ്രീ. മൊഹമ്മദ് കാസിം കെ., എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീമതി. സുലൈഖ കെ., എച്ച്.എസ്.എസ്.ടി. (കെമിസ്ട്രി), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീ. മൊഹമ്മദ് സർഫറാസ് എസ്.എം., എച്ച്.എസ്.എസ്.ടി. (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീമതി. റീന എൻ., എച്ച്.എസ്.എസ്.ടി. (മലയാളം), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീമതി. ആശ സി., എച്ച്.എസ്.എസ്.ടി. (ഇക്കണോമിക്സ്), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീമതി. മുബീന കെ., എച്ച്.എസ്.എസ്.ടി. (ഫിസിക്സ്), ദാറുന്നജത്ത് ഹയർ സെക്കണ്ടറി സ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.
ശ്രീമതി. ജംഷീദ കെ.എൻ., എച്ച്.എസ്.എസ്.ടി. (കെമിസ്ട്രി), പി.എം.എസ്. എ.എം.എ. ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മാങ്കടവ്, കൊട്ടൂർ പി.ഒ., മലപ്പുറം - 676 504.
ശ്രീമതി. ഷീബക്കുട്ടി , എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്), പി.എം.എസ്. എ.എം.എ. ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മാങ്കടവ്, കൊട്ടൂർ പി.ഒ., മലപ്പുറം - 676 504.
ശ്രീമതി. ഷിബി എം., എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്), പി.എം.എസ്. എ.എം.എ. ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മാങ്കടവ്, കൊട്ടൂർ പി.ഒ., മലപ്പുറം - 676 504.
ശ്രീ. അനൂപ് കെ.എസ്., എച്ച്.എസ്.എസ്.ടി. (കെമിസ്ട്രി), പി.എം.എസ്. എ.എം.എ. ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മാങ്കടവ്, കൊട്ടൂർ പി.ഒ., മലപ്പുറം - 676 504.
ശ്രീ. വരുൺ സി.എസ്., എച്ച്.എസ്.എസ്.ടി. (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), പി.എം.എസ്. എ.എം.എ. ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മാങ്കടവ്, കൊട്ടൂർ പി.ഒ., മലപ്പുറം - 676 504.
ശ്രീ. ജയ്മോൻ ജോർജ്ജ്, എച്ച്.എസ്.എസ്.ടി. (പൊളിറ്റിക്കൽ സയൻസ്), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.
ശ്രീമതി. റെറ്റി പാപ്പച്ചൻ, എച്ച്.എസ്.എസ്.ടി. (കെമിസ്ട്രി), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.
ശ്രീമതി. ഷിമി റോസ് ദേവസ്സി, എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.

ശ്രീമതി. ലിമി പോൾ, എച്ച്.എസ്.എസ്.ടി. (സോഷ്യൽ വർക്ക്), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.

ശ്രീമതി. കീർത്തി പോൾ കെ., എച്ച്.എസ്.എസ്.ടി. (ഫിസിക്സ്), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.

ശ്രീ. അനസ് സി., എച്ച്.എസ്.എസ്.ടി. (അറബിക), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.

ശ്രീമതി. സ്മിത പി., എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്), സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മേലൂർ പി.ഒ., തൃശ്ശൂർ - 680 311.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധന വകുപ്പ് (3515663/EDN-B1/218/2026-FIN, തീയതി 05/06/2026).

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA2/72/2026-G.EDN, തീയതി 18/04/2026).

പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്.

പൊതുവിദ്യാഭ്യാസ (കെ) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ബി3/239/2025-പൊവിവ).

ഉത്തരവിൻ പ്രകാരം

**Signed by Ragasmitha V M**
**Date: 08-07-2026 17:33:19**
സെക്ഷൻ ഓഫീസർ